**POLICE** **DEPARTMENT**

**KERALA**

**No. E2-15589/2016/MM**
District Police Office,
Malappuram
spmpm.pol@kerala.gov.in
04832734983
Dated. 09-05-2018

**ലേലപരസ്യം**

മലപ്പുറം ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഉപയോഗയോഗ്യമല്ലാത്തതും ഡിപ്പാർട്ട്മെൻറിനെ ആവശ്യമില്ലാത്തതുമായ താഴെ കാണിച്ചിരിക്കുന്ന ഡിപ്പാർട്ട്മെൻറ് വാഹനങ്ങൾ 5/6/2018 തിയ്യതി പകൽ 11.00 മണിക്ക് പ്രസ്തുത ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ക്രമനമ്പർ | വാഹന നമ്പർ | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1 | KL01 AQ 4362 Tavera | 2007 | 9800 |
| 2 | KL 01 AQ 4363 Tavera | 2007 | 9800 |
| 3 | KL 01 AQ 4472 Tavera | 2007 | 9800 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ടുഹാജരാകേകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി വാഹനത്തിന് നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതുമാണ്. കൂടാതെ ഈ വാഹനങ്ങൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്കു മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 2018 ജൂൺ മാസം നാലാം തിയ്യതിക്ക് മുന്പായി മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയക്കാവുന്നതുമാണ്. ദർഘാസിനൊപ്പം വാഹനങ്ങൾക്ക് നിരതദ്രവ്യമായി മേൽപറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും മലപ്പുറം ജില്ലാ മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാണ്ട് ഡ്രാഫ്റ്റ് അടക്കംചെയ്യേണ്ടതാണ്. ദർഘാസ് ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലം വിളിച്ച തുകയോ, ദർഘാസ് തുകയോ ഏതാണോ കൂടുതൽ, ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ബന്ധപ്പെട്ടയാളിൻറെ പേരിൽ വില്പന നിശ്ചയിക്കുന്നതും, അദ്ദേഹം ഉടൻ തന്നെ ലേലം/ ദർഘാസ് തുകയുടെ പകുതി സംഖ്യ(നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലം സ്ഥലത്തു വെച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി സംഖ്യ(നികുതി ഉൾപ്പെടെ) ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തിയുള്ള ഉത്തരവ് കിട്ടി പത്ത് ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ ദർഘാസ് പ്രകാരം ലഭിച്ച വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനു ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതും, നഷ്ടപ്പെട്ട തുക അദ്ദേഹത്തിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമായിരിക്കും. പുനർ ലേലത്തിൽ മുൻ വിൽപനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിനു ആദ്യം ലേലം കൊണ്ടായാൾക്ക് അതിൽ യാതൊരുവിധ അവകാശമുണ്ടായിരിക്കുന്നതുമല്ല.

ലേലം ചെയ്യാൻ ഉദേശിക്കുന്ന വാഹനങ്ങൾ ലേല തീയ്യതിക്ക് മുൻമ്പ് ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിക്ക് ശേഷവും വൈകീട്ട് 4 മണിക്ക് മുൻമ്പും ഇടയിലുള്ള സമയങ്ങളിൽ മലപ്പുറം ജില്ലാ സായുധ സേനാ കമാണ്ടൻറിൻറെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വെക്കുകയോ ലേലം/ ദർഘാസ് അസ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിന് മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് പൂർണ്ണ അധികാരം

ഉണ്ടായിരിക്കുന്നതാണ്.

Debesh Kumar Behera IPS
District Police Chief

To : 1.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, എല്ലാ സിറ്റി പോലീസ് കമ്മിഷണർമാർക്കും ബറ്റാലിയൻ കമാണ്ടൻറുമാർക്കും ആവശ്യമായ പരസ്യത്തിനായി. 2. പോലീസ് സൂപ്രണ്ട്(MT) പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം, അറിവിലേക്കായി 3. സൂപ്രണ്ട് ഗവൺമെൻറ് പ്രസ്സ് തിരുവനന്തപുരം(കവർ ലെറ്റർ സഹിതം) കേരള ഗസറ്റിൽ പരസ്യം ചെയ്യുന്നതിനായി 4. ഡയറക്ടർ പബ്ലിക്ക് റിലേഷൻ വകുപ്പ് , തിരുവനന്തപുരം അറിവിലേക്കും പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനുമായി 5. മലപ്പുറം ജില്ലാ സായുധ സേനാ അസിസ്റ്റൻറ് കമ്മാണ്ടൻറ് അറിവിലേക്കും അനന്തര നടപടികൾക്കും, ലേലത്തിനായി സൌകര്യം ചെയ്യേണ്ടതിനുമായി 6. മലപ്പുറം ജില്ലയിലെ എല്ലാ ഓഫീസർമാരുടെയും അറിവിലേക്കായി 7. ജില്ലാ പോലീസ്, മലപ്പുറം ഏആർ ക്യാംമ്പ് കാഷ്യർമാരുടെ അറിവിലേക്കായി.

Internal Administrative Processing System
iAPS
KERALA POLICE

E2-15589/2016/MM

1eb71e